(ഡി) കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന് കീഴിൽ സംസ്ഥാനത്തെ ചിതറിക്കിടക്കുന്ന ചുമട്ടുതൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതിയുടെ ചെലവിനായി 528 ലക്ഷം രൂപ അനുവദിക്കണമെന്ന് കേരള നിയമസഭയുടെ വിഷയ നിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും) (2014-15) ശിപാർശ ചെയ്തിട്ടുണ്ട്. ടി ശിപാർശയിന്മേൽ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് ചീഫ് എക്സിക്യൂട്ടീവിൽനിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണ്.

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ക്ഷീര കർഷകരെ ഉൾപ്പെടുത്താൻ നടപടി

151 (8211) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ക്ഷീര കർഷകരെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം വ്യക്തമാക്കുമോ ;

(ബി) ക്ഷീര കർഷകരെക്കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ &ബി) ഇപ്പോൾ പരിഗണനയിലില്ല.

കടിയേറ്റ തൊഴിലാളി ക്ഷേമനിധി

152 (8212) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. കെ. രാജു :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് അന്യരാജ്യങ്ങളിൽനിന്നും, അന്യസംസ്ഥാനങ്ങളിൽ നിന്നും ആകെ എത്ര കടിയേറ്റ തൊഴിലാളികളുണ്ട് ; അതിൽ എത്ര തൊഴിലാളികൾ കടിയേറ്റ തൊഴിലാളിക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ക്ഷേമനിധിയിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly